(ഡി) ഇവരുടെ ഓണറേറിയം 1-4-98 മുതൽ 425/- രൂപ (നാന്നൂറ്റി ഇരുപത്തിയഞ്ച് രൂപ) യിൽ നിന്നും 700/- രൂപ (എഴുന്നൂറ്)യായി സ.ഉ.(സാ) നം : 2230/98/തഭവ പ്രകാരം വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്. അതിനാൽ വേതനം വർദ്ധിപ്പിക്കുന്നകാര്യം തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

(ഇ) ഇക്കാര്യം ഇപ്പോൾ പരിഗണിക്കുവാൻ നിർവാഹമില്ല.

137(2293) വികലാംഗ സദനത്തിന് സ്വന്തമായി കെട്ടിടം

ശ്രീ. കെ.സി. വേണുഗോപാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നഗരത്തിൽ മുല്ലക്കൽ വാർഡിലെ വികലാംഗ സദനത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ആലപ്പുഴ നഗരസഭയുടെ കീഴിലുള്ള സ്ഥലം അനുവദിച്ചുകിട്ടുന്നതിനായി ആലപ്പുഴ നഗരസഭാ സെക്രട്ടറിയുടെ ശുപാർശ സഹിതമുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;

(സി) ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) വികലാംഗ സദനത്തിന് നഗരസഭയുടെ സ്ഥലം അനുവദിച്ചുകൊണ്ടു ഉത്തരവു പുറപ്പെടുവിക്കുമോ?

ഉത്തരം

(എ)&(ബി) ആലപ്പുഴ നഗരസഭയിലെ മുല്ലക്കൽ വാർഡിലെ വികലാംഗസദനത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് നഗരസഭയുടെ കീഴിലുള്ള സ്ഥലം അനുവദിച്ചു കിട്ടുന്നതിനായി നഗരസഭാ സെക്രട്ടറിയുടെ ശുപാർശയോടെയുള്ള അപേക്ഷ ലഭിച്ചിട്ടില്ല. എന്നാൽ ആലപ്പുഴ നഗരസഭയിലെ തിരുവമ്പാടി വാർഡിൽ പ്രവർത്തിച്ചുവരുന്ന സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള ശിശു വികലാംഗ സദനത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ആലപ്പുഴ നഗരസഭ വക ആലിശ്ശേരിവാർഡിലെ സ്ഥലം അനുവദിക്കണംമെന്നത് സംബന്ധിച്ച് ആലപ്പുഴ നഗരസഭാ സെക്രട്ടറിയുടെ ശുപാർശ സഹിതമുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട്.

(സി)&(ഡി) മുകളിൽ സൂചിപ്പിച്ച പ്രകാരം ലഭിച്ച അപേക്ഷയിൽ 1-3-2000-ലെ സർക്കാർ ഉത്തരവ് (സാധാരണ) 946/2000/അസ്വഭവ. പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

138 (2294) ഓണറേറിയം ലഭിക്കുന്നവരെ സ്ഥിരപ്പെടുത്തുവാൻ നടപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1987-ൽ പതിനൊന്നിന പരിപാടിയിൽ ഉൾപ്പെടുത്തി സ്ഥാപിതമായ സാംസ്കാരിക നിലയങ്ങളിലും ശിശു മന്ദിരങ്ങളിലും ലൈബ്രറികളിലും തുച്ഛമായ ഓണറേറിയം കൈപ്പറ്റി വർഷങ്ങളായി ജോലി ചെയ്യുന്നവർക്ക് ജോലി സ്ഥിരത നൽകുന്നകാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly